<u>ഭരണഭാഷ - മാതൃഭാഷ</u>

## സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## ഹാജർ : ഡോ. അരുൺ ജെ ഒ ഐ. എ . എസ്

നമ്പർ: DSLR/3178/2026-G6

തിരുവനന്തപുരം
തീയതി : 16-10-2026

വിഷയം: സർവെയും ഭൂരേഖയും വകുപ്പ്-ജീവനക്കാര്യം-ടെക്നിക്കൽ അസിസ്റ്റന്റ്-പൊതു സ്ഥലമാറ്റം 2026 -അപേക്ഷകളുടെ കരട് മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :

1. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ (പി) നം. 3/2017 നമ്പർ സർക്കാർ ഉത്തരവ്.
2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 21/10/2021 ലെ സ.ഉ (കൈ) നം. 155/2021 നമ്പർ സർക്കാർ ഉത്തരവ്.
3. റവന്യൂ (ഇ) വകുപ്പിന്റെ 10/04/2023 ലെ 76/2023/RD നമ്പർ സർക്കാർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 28/07/2026 ലെ DSLR/2814/2026-A7 നമ്പർ സർക്കുലർ.
5. സർവെയും ഭൂരേഖയും വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട കാര്യാലയ മേധാവികൾ HRMS പോർട്ടൽ മുഖേന അനുവദിക്കപ്പെട്ട തീയതി വരെ രേഖപ്പെടുത്തിയ ജീവനക്കാരുടെ സേവനവിവരങ്ങൾ
6. ഈ കാര്യാലയത്തിലെ 03/09/2026 ലെ DSLR/3178/2026-G6 നമ്പർ കരട് മുൻഗണനാ പട്ടിക.
7. ഈ കാര്യാലയത്തിലെ 30/09/2026 ലെ DSLR/3178/2026-G6നമ്പർ അന്തിമ മുൻഗണനാ പട്ടിക.
8. ഈ കാര്യാലയത്തിലെ 03/10/2026 ലെ DSLR/3308/2026-A4 നമ്പർ വിജ്ഞാപനം.
9. ഈ കാര്യാലയത്തിലെ 09/10/2026 ലെ DSLR/3308/2026-A4 ഭേദഗതി സർക്കുലർ.

സർവെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ 2026 ലെ ഓൺലൈൻ പൊതുസ്ഥലം മാറ്റം മേൽ പരാമർശം (1), (3) എന്നിവയിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (4) ലെ നിർദ്ദേശപ്രകാരം എല്ലാ ജീവനക്കാരുടെയും സേവനവിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ച് HRMS പോർട്ടലിൽ രേഖപ്പെടുത്തുന്നതിനും പുതുക്കുന്നതിനും അതാത് കാര്യാലയ മേധാവികൾക്ക് അവസരം നൽകിയിരുന്നു.

അപ്രകാരം ജീവനക്കാരുടെ സീനിയോരിറ്റി അവധി വിവരങ്ങൾ എന്നിവ പരിശോധിച്ച് പരാമർശം (5) പ്രകാരം ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ടെക്നിക്കൽ അസിസ്റ്റന്റ് ജീവനക്കാരുടെ 31/03/2026 തീയതി വരെയുള്ള സേവനകാലയളവ് കണക്കാക്കിയുള്ള സ്റ്റേഷൻ / ജില്ലാതല കരട് സീനിയോരിറ്റി പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത കരട് മുൻഗണനാ പട്ടികയിന്മേൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളും ജീവനക്കാരുടെ HRMS പ്രൊഫൈലിൽ പുതുക്കിയ വിവരങ്ങളും പരിശോധിച്ച്, അർഹമായ മാറ്റങ്ങൾ ഉൾപ്പെടുത്തി, 31/03/2026 തീയതി വരെയുള്ള സേവനകാലയളവ് പരിഗണിച്ച്, ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ മുൻഗണനാ പട്ടിക പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

2026 ലെ ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടികളുടെ ഭാഗമായി, പരാമർശം (8) ലെ വിജ്ഞാപനപ്രകാരം വകുപ്പിലെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാർക്ക് 03/10/2026 വൈകുന്നേരം 5 മണി മുതൽ 09/10/2026 രാത്രി 12 മണി വരെ ഓൺലൈൻ മുഖേന സ്ഥംമാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് അവസരം അനുവദിച്ചിരുന്നു. തുടർന്ന്, പരാമർശം (9) ലെ ഭേദഗതി സർക്കുലർ പ്രകാരം ജീവനക്കാർക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 11/10/2026 തീയതി ഉച്ചയ്ക്ക് 12 മണി വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട ഡി.ഡി.ഒ.മാർ പരിശോധിച്ച് സമർപ്പിക്കുന്നതിന് 12/10/2026 രാത്രി 12.00 മണി വരെ സമയവും അനുവദിച്ചിരുന്നു.

ലഭ്യമായ സ്ഥലംമാറ്റ അപേക്ഷകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും, അപേക്ഷകളിൽ ഉൾപ്പെട്ട അനുകമ്പാർഹമായ പരിഗണന അർഹിക്കുന്ന അപേക്ഷകൾ 13/10/2026 ന് കൂടിയ മെഡിക്കൽ ബോർഡിന്റെ പരിശോധയ്ക്ക് കൂടി വിധേയമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകളും പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളും പരിഗണിച്ച് തയ്യാറാക്കിയ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ അപേക്ഷകളുടെ കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഓൺലൈനായി തയ്യാറാക്കിയിട്ടുള്ള പ്രസ്തുത കരട് പട്ടിക സർവെ പോർട്ടലായ hrmsdslr.kerala.gov.in ലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.dslr.kerala.gov.in ലും ലഭ്യമാണ്.

**Draft**

| Index | Employees (PEN) | Designation | Current Office | Station Seniority in days | Native District | Choice number | Category (Rank) | Transfer Requested 1 |
|---|---|---|---|---|---|---|---|---|
| | | | | KOLLAM | | | | |
| 1 | Bindhu D (123294) | Technical Assistant | ALAPPUZHA | 254 | KOLLAM | 1 | General () | Yes |
| 2 | Geetha M (123292) | Technical Assistant | IDUKKI | 65 | KOLLAM | 4 | General () | Yes |

| Index | Employees (PEN) | Designation | Current Office | Station Seniority in days | Native District | Choice number | Category (Rank) | Transfer Requested 1 |
|---|---|---|---|---|---|---|---|---|
| 3 | Lovely S (133478) | Technical Assistant | KOTTAYAM | 6866 | KOLLAM | 1 | General () | No |
| 4 | SINDHU U (105581) | Technical Assistant | THIRUVANANTHAPURAM | 3579 | THIRUVANANTHAPURAM | 1 | General () | No |
| **THIRUVANANTHAPURAM** | | | | | | | | |
| 1 | Geetha M (123292) | Technical Assistant | IDUKKI | 65 | KOLLAM | 1 | General () | Yes |
| **PATHANAMTHITTA** | | | | | | | | |
| 1 | Sajaya Kumar C (123069) | Technical Assistant | MALAPPURAM | 5331 | KOLLAM | 3 | General () | Yes |
| 2 | Geetha M (123292) | Technical Assistant | IDUKKI | 65 | KOLLAM | 5 | General () | Yes |
| 3 | SINDHU U (105581) | Technical Assistant | THIRUVANANTHAPURAM | 3579 | THIRUVANANTHAPURAM | 2 | General () | No |
| **ALAPPUZHA** | | | | | | | | |
| 1 | Sajaya Kumar C (123069) | Technical Assistant | MALAPPURAM | 5331 | KOLLAM | 2 | General () | Yes |
| 2 | Jessy P K (107562) | Technical Assistant | KOTTAYAM | 2052 | PATHANAMTHITTA | 1 | General () | Yes |
| 3 | Geetha M (123292) | Technical Assistant | IDUKKI | 65 | KOLLAM | 2 | General () | Yes |
| 4 | SINDHU U (105581) | Technical Assistant | THIRUVANANTHAPURAM | 3579 | THIRUVANANTHAPURAM | 3 | General () | No |
| **KOTTAYAM** | | | | | | | | |
| 1 | Sajaya Kumar C (123069) | Technical Assistant | MALAPPURAM | 5331 | KOLLAM | 1 | General () | Yes |
| 2 | Geetha M (123292) | Technical Assistant | IDUKKI | 65 | KOLLAM | 3 | General () | Yes |
| **ERNAKULAM** | | | | | | | | |
| 1 | Jenny P V (697429) | Technical Assistant | WAYANAD | 252 | THRISSUR | 2 | General () | Yes |
| 2 | Shiny Francis P (123258) | Technical Assistant | KOZHIKODE | 109 | THRISSUR | 2 | General () | Yes |
| **THRISSUR** | | | | | | | | |
| 1 | Jenny P V (697429) | Technical Assistant | WAYANAD | 252 | THRISSUR | 1 | General () | Yes |
| 2 | Shiny Francis P (123258) | Technical Assistant | KOZHIKODE | 109 | THRISSUR | 1 | General () | Yes |
| **PALAKKAD** | | | | | | | | |
| 1 | Jenny P V (697429) | Technical Assistant | WAYANAD | 252 | THRISSUR | 3 | General () | Yes |
| 2 | Shiny Francis P (123258) | Technical Assistant | KOZHIKODE | 109 | THRISSUR | 3 | General () | Yes |
| **The Applications seniority after (31-03-2026)** | | | | | | | | |
| 1 | Sreelekha D (122788) | Technical Assistant | PALAKKAD | 0 | THIRUVANANTHAPURAM | Station seniority in days is zero or negative - Joining date of present station - (2025-07-25) | | |

മേൽ കരട് പട്ടികയിന്മേൽ ആക്ഷേപങ്ങളോ തിരുത്തലുകളോ ഉണ്ടെങ്കിൽ, ബന്ധപ്പെട്ട ജീവനക്കാർക്ക് 16/10/2026 മുതൽ 21/10/2026 രാത്രി 12.00 മണി വരെ ആയത് സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന ആക്ഷേപങ്ങളും തിരുത്തലുകളും ബന്ധപ്പെട്ട ഡി.ഡി.ഒ മാർ ആവശ്യമായ രേഖകൾ വിശദമായി പരിശോധിച്ച് വ്യക്തത വരുത്തിയശേഷം 22/10/2026 രാത്രി 12.00 മണിക്ക് മുമ്പായി സർവെ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്

സർവെ ഡയറക്ടർ

(ഒപ്പ്)

പകർപ്പ്:-

1. എല്ലാ ജില്ലാകളക്ടർമാർക്കും
2. എല്ലാ RJD/DD/AD/SSLR മാർക്കും
3. ഡയറക്ടറുടെ സി.എ. അഡീഷണൽ ഡയറക്ടറുടെ സി.എ
4. ഡെപ്യൂട്ടി ഡയറക്ടർ-I,II,III, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ